## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4229 28.06.2012 -ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൾ റഹിമാൻ രണ്ടത്താണി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.കെ ബഷീർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾക്ക് നൽകുന്ന പണത്തിന്റെ വിനിയോഗം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് നൽകുന്ന പണത്തിന്റെ വിനിയോഗം നിരീക്ഷിക്കാൻ താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. പൊതുവിദ്യാഭ്യാസത്തിൽ(സ്കൂൾ വിദ്യാഭ്യാസം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയേതര സ്കീമുകൾക്ക് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അലോട്ട്മെന്റ് നൽകുകയും , വിനിയോഗം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

2. ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സ്കൂളുകളെയും അറിയിക്കുകയും

പദ്ധതി നടത്തിപ്പിനുള്ള അക്ഷൻപ്ളാൻ ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും അതിന്റെ അടിസ്ഥാന ത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാനം കൃത്യമായി പദ്ധതി പൂർത്തിയാക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ പണം നൽകുമ്പോൾ പദ്ധതി പൂർത്തിയായ ശേഷം എത്രയും വേഗം ധനവിനിയോഗ സർട്ടിഫിക്കറ്റ് , പൂർത്തികരണ സർട്ടിഫിക്കറ്റ് ഇവ സമർപ്പിക്കുവാനും ബാക്കിതുക ബന്ധപ്പെട്ട ശീർഷകത്തിൽ ചെലാൻ അടച്ച് ആയതിന്റെ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെടുന്ന തുമാണ്. പദ്ധതിനടത്തിപ്പിനിടയിലും ശേഷവും ബന്ധപ്പെട്ട സ്കൂളുകൾ സന്ദർശിച്ച് പദ്ധതി നടത്തിപ്പ് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉപസമിതിയും നിലവിലുണ്ട്. വൊക്കേഷണൽ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളാണ്. കൂടാതെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഗുണഭോക്തൃ കമ്മിറ്റി എന്ന നിലയിൽ പി.ടി.എ ഉപസമിതിയും പ്രവർത്തിക്കുന്നതാണ്.

4. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന എസ്.എസ്.എയുടെ പദ്ധതികൾക്കായി നൽകുന്ന പണത്തിന്റെ വിനിയോഗം

പരിശോധിക്കാൻ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക് ഓഡിറ്റേഴ്സ് ഓഫ് ഇൻഡ്യ എന്നിവരുടെ ഓഡിറ്റുകൾ നടത്തുന്നുണ്ട്.

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് വിദ്യാഭ്യാസ വകുപ്പ് പണം നൽകുന്നത്;

(ബി)

1. പൊതുവിദ്യാഭ്യാസത്തിൽ (സ്കൂൾ വിദ്യാഭ്യാസം) പ്രൈമറി വിദ്യാർത്ഥികൾക്കുള്ള ഉച്ച ഭക്ഷണ പരിപാടിയും , പ്രൈമറി തലത്തിലും സെക്കന്ററി തലത്തിലും നൽകുന്ന സ്കോളർ ഷിപ്പുകൾക്കുമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണം നൽകുന്നത്.

2. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണം നൽകി വരുന്നു.

3. മോഡൽ വൊക്കേഷണൽ ഹയർ സെക്കന്ററി പദ്ധതി പ്രകാരം 6 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകിയിട്ടുണ്ട്.

4. സർവ്വ ശിക്ഷാ അഭിയാനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ?

(സി)

1. 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 കോടി രൂപയും (ഒറ്റത്തവണ കേന്ദ്ര സഹായം), പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി 6 കോടി രൂപയും (ഒറ്റത്തവണ കേന്ദ്ര സഹായം)ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. 2012-13 ൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 കോടി രൂപ (ഒറ്റത്തവണ അധിക കേന്ദ്രസഹായം) അനുവദിച്ചിട്ടുണ്ട്.

2. എസ്.എസ്.എയ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ 170 കോടി രൂപ കേന്ദ്ര സഹായം ലഭിക്കയുണ്ടായി. കൂടാതെ 13-ാം ധനകാര്യകമ്മീഷൻ അവാർഡായി 27 കോടി രൂപയും സർവ്വശിക്ഷാ അഭിയാന് അനുവദിച്ചിട്ടുണ്ട്.

Kumari Pennuvi

സെക്ഷൻ ഓഫീസർ